★ മൌലികാവകാശങ്ങൾ ★

കോന്നിയൂർ ആർ. നരേന്ദ്രനാഥ് ബി. എസ്സ്. സി., ബി. എൽ.

[ഇന്ത്യൻ ഭരണഘടന പാശ്ചാത്യരാജ്യങ്ങളിലെ ഭരണഘടനകളുടെ ഒരു "hotch-postch" (അവിയൽ) ആണെന്നും മുതലാളിത്ത വ്യവസ്ഥിതിയെ സംരക്ഷിക്കുന്ന എന്നെല്ലാമുള്ള ആക്ഷേപങ്ങൾ ഉണ്ടു്. നമ്മുടെ ഭരണഘടനയിൽ സ്വിസ്സ്, അമേരിക്കൻ, ബ്രിട്ടീഷ് മുതലായ പുരോഗമന ജനായത്തഭരണസിദ്ധാന്തങ്ങളുടെ അന്തഃസ്സത്ത അടങ്ങിയിട്ടുണ്ടെന്നുള്ളതു പരമാർത്ഥമാണ്. മൌലികാവകാശങ്ങളെ സംരക്ഷിക്കുന്നതിലും വ്യക്തിയുടെ മാഹാത്മ്യം പുലർത്തുന്നതിലും മറെറാരു ഭരണഘടനയുടെയും പിന്നിലല്ല ഇതു് എന്നതു് അഭിമാനകരമാണ്.]

നമ്മുടെ ഭരണഘടനയുടെ പ്രത്യേകതകളിൽ ഒന്നു് അതിൽ ഉൾക്കൊള്ളിച്ചിട്ടുള്ള മൌലികാവകാശങ്ങളാണ്. മററു ചില രാജ്യങ്ങളുടെ ഭരണഘടനകളിലും ഇതുപോലെ മൌലികാവകാശങ്ങൾ ഉറപ്പുചെയ്യുന്ന രീതി കാണുന്നുണ്ടു്. നമ്മുടെ ഭരണഘടനയിൽ ഉള്ളത്ര വിസ്തരിച്ചു മറെറാന്നിലും ഇല്ലതന്നെ. ഇതിനു കാരണം ഭാരതത്തിലെ വൈവിധ്യം തന്നെയായിരിക്കണം. മതം, ഭാഷ, സാമൂഹ്യനില തുടങ്ങിയ കാര്യങ്ങളിൽ ഇവിടെയുള്ള വ്യത്യാസങ്ങൾ സ്മരണീയമാണ്. ഭരണകൂടത്തേയും നിയമനിർമ്മാണസമിതികളേയും സ്വേച്ഛാധിപത്യപ്രവൃത്തികളിൽ നിന്നു് തടയുന്നതിനാണ് ഇവ ഏററവും അധികം സഹായമാകുന്നതു്. അതിനാൽ വ്യക്തിസ്വാതന്ത്ര്യം അങ്ങേയററം ഇവിടെ ലഭ്യമാകും. എന്നാൽ ഈ അവകാശങ്ങൾ നിരുപാധികങ്ങളാണെന്നു വിചാരിക്കരുതു്. എല്ലാ വ്യക്തികളുടേയും അവകാശങ്ങൾ ഒരുപോലെ സംരക്ഷിക്കുന്നതിനും സമുദായത്തിൻെറയും രാജ്യത്തിൻെറയും ഉത്തമതാല്പര്യങ്ങൾ പോഷിപ്പിക്കുന്നതിനും വേണ്ടി ഏർപ്പെടുത്തേണ്ടിവരുന്ന പരിമിതികൾക്കു് അവ വിധേയമാകുന്നു. മൌലികാവകാശങ്ങൾക്കു് വിപരീതമായി നിയമനിർമ്മാണം നടത്തിയാൽ ആ നിയമങ്ങൾ അസാധുവായിരിക്കും. അങ്ങിനെ പ്രഖ്യാപിക്കുവാനുള്ള അധികാരം കോടതികൾക്കു നൽകിയിട്ടുണ്ടു്. മൌലികാവകാശങ്ങളുടെ സംരക്ഷണം നിർവഹിക്കുന്നതു് നീതിന്യായക്കോടതികളാണ്. ഈ അവകാശങ്ങളുടെ മേൽ വരുത്തുന്ന നിയന്ത്രണങ്ങളും യുക്തങ്ങളാണോ എന്നു തീരുമാനിക്കേണ്ടതും കോടതികൾ തന്നെ.

മൌലികാവകാശങ്ങളെ പരിമിതപ്പെടുത്താനും വേണ്ടിവന്നാൽ തടഞ്ഞുവയ്ക്കുവാനും ചില പ്രത്യേക സന്ദർഭങ്ങളിൽ സാധിക്കും. ഭാരതത്തിനുള്ളിൽ നിയമസമാധാനം പാലിക്കുന്നതിനും മററും ആയി പ്രത്യേക നടപടികൾ എടുക്കേണ്ടിവരുമ്പോഴേ ഈ വ്യവസ്ഥകൾ സാധുവായിരിക്കൂ. അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചിരിക്കുന്ന കാലത്തു ഇവ ഒരുത്തരവു മൂലം തടഞ്ഞുവയ്ക്കുന്നതിനു് രാഷ്ട്രപതിക്കു് അധികാരമുണ്ടു്. ആഭ്യന്തരാസ്വാസ്ഥ്യങ്ങൾ കൊണ്ടോ ബാഹ്യമായ ആക്രമണംകൊണ്ടോ ഉളവാകുന്ന ദുർഘടഘട്ടങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ശക്തിയുള്ള നടപടികൾ സ്വീകരിക്കുവാൻ സഹായിക്കുന്നതിനാണ് ഈ അടിയന്തിരാധികാരങ്ങൾ വ്യവസ്ഥചെയ്തിരിക്കുന്നതു്. ഒരു ഭരണഘടനാനിയമപണ്ഡിതൻെറ അഭിപ്രായത്തിൽ നമ്മുടെ ഭരണഘടന മൌലികാവകാശങ്ങൾ സൃഷ്ടിക്കുന്നില്ല. മൌലികമായ സ്വാതന്ത്ര്യങ്ങളെ സംരക്ഷിക്കുന്നതേയുള്ളു. വ്യക്തിസ്വാതന്ത്ര്യവും സാമൂഹ്യനിയന്ത്രണങ്ങളും സമനിലയിൽ നിലനില്ക്കുന്നതിനുതകുന്ന ഒരു മദ്ധ്യമാർഗ്ഗം അവലംബിക്കുന്നതിനു ശ്രമിക്കുകയാണ് ഈ അവകാശപ്രഖ്യാപനം കൊണ്ടു് ഭരണഘടന ചെയ്യുന്നതു്.

ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള മൌലികാവകാശങ്ങൾ ഏഴു കൂട്ടത്തിൽ ഉള്ളവയാണ്. അവ (1) സമത്വത്തിനുള്ള അവകാശം (2) സ്വാതന്ത്ര്യത്തിനുള്ള അവകാശം (3) ചൂഷണത്തിനെതിരായുള്ള അവകാശം (4) മതസ്വാതന്ത്ര്യത്തിനുള്ള അവകാശം (5) സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ (6) വസ്തു ഉടമയ്ക്കുള്ള അവകാശം (7) ഭരണഘടനയനുസരിച്ചു പ്രതിവിധികൾ നേടുവാനുള്ള അവകാശം. ഇവയെ ചെറുതായി നമുക്കു് വിശകലനം ചെയ്തുനോക്കാം.

സന്ദർഭസമത്വം

ഭാരതത്തിനുള്ളിൽ ഒരിടത്തും നിയമത്തിൻെറ മുമ്പിൽ ഉള്ള സമത്വമോ നിയമങ്ങൾ നൽകുന്ന തുല്യമായ രക്ഷയോ പൌരനു് സ്റേററു് നിഷേധിക്കുവാൻ പാടില്ലാത്തതാണ്. മതം, ജാതി, ലിംഗം, ജനനസ്ഥലം എന്നിവയുടെ കാരണത്താൽ പൌരന്മാർ തമ്മിൽ വിവേചനം കാണിച്ചുകൂടാ, നമ്മുടെ സാമൂഹ്യജീവിതത്തിൻെറ അടിത്തറയായി ഭരണഘടന അംഗീകരിച്ചിരിക്കുന്നതു് പൌര

ന്മാക്കുള്ള സമത്വത്തെയാണ്. ഷാപ്പുകൾ ഹോട്ടലുകൾ പൊതുവിനോദസ്ഥലങ്ങൾ, സ്നാനഘട്ടങ്ങൾ, നിരത്തുകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തുവാൻ എല്ലാവക്കും അവകാശമുണ്ട്. ഭരണഘടനയുടെ ഒന്നാം ഭേദഗതിയിൽ സാമൂഹ്യമായും വിദ്യാഭ്യാസപരമായും പിന്നോക്കം നില്ക്കുന്ന വിഭാഗങ്ങളിൽപെട്ടവരുടെ ഉന്നമനത്തെ ലക്ഷ്യമാക്കി പ്രത്യേക നിബന്ധനകൾ നിമ്മിക്കുന്നതിനുള്ള കഴിവ് സക്കാരിന് നൽകിയിരിക്കുന്നു. ഔദ്യോഗിക കത്തവ്യങ്ങൾ നിറവേററുന്ന ഉദ്യോഗസ്ഥന്മാക്കു ചില പ്രത്യേകാവകാശാധികാരങ്ങൾ നമ്മുടെ ഭരണഘടന അംഗീകരിച്ചിട്ടുണ്ട്. അന്തർദേശീയ നിയമങ്ങളെയും ആചാരമര്യാദകളേയും അടിസ്ഥാനപ്പെടുത്തിയും ചില പ്രത്യേകതകൾ അനുവദിക്കപ്പെട്ടിരിക്കുന്നു. സക്കാരിന്റെ കീഴിൽ ജോലിചെയ്യുന്നതിന് നിയമിതനാകാൻ എല്ലാ പൗരന്മാക്കും സന്ദർഭസമത്വം ഉണ്ടായിരിക്കും. എന്നാൽ പാർലിമെൻറിന് ചില ഉദ്യോഗങ്ങളെ സംബന്ധിച്ച് ജനനസ്ഥലം ഒരു പ്രത്യേക പരിഗണനയായി കരുതാം. പിന്നോക്കസമുദായക്കാക്കു വേണ്ടിടത്തോളം പ്രാതിനിദ്ധ്യമില്ലെന്ന കാരണത്താൽ അവക്കായി സ്ഥാനങ്ങൾ സംവരണം ചെയ്യുന്നതിനും സാധിക്കും. സ്ഥാനമാനങ്ങൾ സ്റേററ ആക്കും നൽകുന്നതല്ല. എന്നാൽ സൈനികമോ വിദ്യാഭ്യാസപരമോ ആയ പ്രശസ്തസേവനങ്ങളെ മാനിച്ച് ബഹുമതി കൊടുക്കുന്നതു് നിരോധിച്ചിട്ടില്ല.

വ്യക്തിയെ മാനിക്കുന്നു

മൗലികാവകാശങ്ങളിൽ അതിററ പ്രാധാന്യമുള്ളതു സ്വാതന്ത്ര്യത്തിനാണ്. ഭരണഘടനയിൽ ഏഴു വിധത്തിലുള്ള സ്വാതന്ത്ര്യങ്ങൾ ഉറപ്പു ചെയ്തിട്ടുണ്ട്. അഭിപ്രായപ്രകടനസ്വാതന്ത്ര്യം, സമ്മേളനസ്വാതന്ത്ര്യം, സംഘടനാസ്വാതന്ത്ര്യം, സഞ്ചാരസ്വാതന്ത്ര്യം, കുടിപാർപ്പു സ്വാതന്ത്ര്യം, വസ്തുസമ്പാദനസ്വാതന്ത്ര്യം, തൊഴിൽസ്വാതന്ത്ര്യം, ഇവയാണ് ഏഴു സ്വാതന്ത്ര്യങ്ങൾ. സമുദായത്തിന്റെ ഉത്തമതാല്പയ്യങ്ങൾ പരിരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും ആവശ്യമായ പരിമിതികളാൽ ഇവനിയന്ത്രിതമാണ്. അവനവന്റെ വിശ്വാസങ്ങളെയും അഭിപ്രായങ്ങളെയും സ്വതന്ത്രമായി അന്യരെ അറിയിക്കുവാനുള്ള സ്വാതന്ത്ര്യമാണ് അഭിപ്രായപ്രകടനസ്വാതന്ത്ര്യം. ആശയപ്രകടനത്തിൽ പ്രചരണവും പ്രകൃത്യാ ഉണ്ടായിരിക്കുമല്ലൊ. ഭരണഘടനയുടെ ഒന്നാം ഭേദഗതി മൂലം സ്റേററിന്റെ ഭദ്രത രാജ്യരക്ഷ, വിദേശരാജ്യങ്ങളുമായുള്ള ബന്ധം ക്രമസമാധാനം തുടങ്ങിയവയ്ക്കു് ഹാനിയുണ്ടാക്കാനോ, കോർട്ടലക്ഷ്യം മാനനഷ്ടം, കുററംചെയ്യുന്നതിനു പ്രേരണ, തുടങ്ങിയവയ്ക്കു സഹായമാകുവാനോ ഇടയുള്ള കായ്യങ്ങളിൽ അഭിപ്രായപ്രകടനസ്വാതന്ത്ര്യം കുറവുചെയ്യുന്നതിനു സ്റേററിന് സാധിക്കും. അതിനുവേണ്ടി നിയന്ത്രണങ്ങൾ നിമ്മിക്കാൻ നിയമസഭകൾക്കു് അധികാരമുണ്ട്. സാന്മാഗ്ഗികജീവിതത്തെ വിഘാതപ്പെടുത്തിയേക്കാവുന്ന കായ്യങ്ങളും തടയാൻ സക്കാരിന് സാധിക്കും.

ജനായത്തഭരണത്തിന്റെ ആശയത്തിൽ തന്നെ ജനങ്ങൾക്കു് സമാധാനപൂവ്വം സമ്മേളിച്ചു പൊതുക്കായ്യങ്ങളെക്കുറിച്ചു ചർച്ച ചെയ്യുവാനുള്ള അവകാശം അന്തർലീനമായിട്ടുണ്ട്. എന്നാൽ സമ്മേളിക്കുന്നതു് സമാധാനമായും സമാധാനോദ്ദേശത്തോടുകൂടിയുമായിരിക്കണം. ആളുകൾ ആയുധധാരികളായിരിക്കരുതു്. പൊതുസമാധാനപരിപാലനത്തിനു വേണ്ടി ഏർപ്പെടുത്തിയിട്ടുള്ള യുക്തിയുക്തങ്ങളായ നിയന്ത്രണങ്ങൾക്കു് വിധേയരായി വേണം ജനങ്ങൾ പെരുമാറേണ്ടതു്. സമാധാനപരിപാലനത്തിനു ആവശ്യമായ നടപടികൾ എടുക്കുന്നതിനു തടസ്സമൊന്നുമില്ലെന്നു് വ്യക്തമാണ്.

സമ്മേളനസ്വാതന്ത്ര്യത്തെപ്പോലെ ജനായത്തവ്യവസ്ഥിതിയിൽ പ്രധാനമായ മറെറാന്നാണ് സംഘടിക്കുന്നതിനുള്ള അവകാശം. സംഘടനകൾ രൂപീകരിക്കുവാൻ മാത്രമല്ല അവയ്ക്കുവേണ്ടി പ്രചരണം നടത്തുവാനും മററും ഉള്ള സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടിട്ടില്ല. സഞ്ചരിക്കുവാനും കുടികെട്ടിത്താമസിക്കുവാനും ഉള്ള സ്വാതന്ത്ര്യങ്ങളും ഇതിനോടു ബന്ധപ്പെട്ടതാണല്ലൊ. ഭാരതത്തിലാകമാനം തടസ്സം കൂടാതെ ഏതൊരു പൗരനും സഞ്ചരിക്കാം. അതുപോലെ ഇഷ്ടമുള്ള പ്രദേശത്തു് താമസിക്കുവാനും കഴിയും. പൗരന്മാർ ഏതുസംസ്ഥാനത്തിൽ പിറന്നാലും ജീവിച്ചാലും വിവേചനത്തിനു വിധേയരാകുന്നതല്ല. നേരത്തെ പറഞ്ഞിട്ടുള്ളതുപോലെ ഈ സ്വാതന്ത്ര്യങ്ങൾക്കും ചില ഉപാധികൾ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കാഷ്മീർ സംസ്ഥാനത്തിന്റെ പ്രത്യേകനിലയെ പരിഗണിച്ചു അവിടെ ചില നിയന്ത്രണങ്ങൾ ഉണ്ടാക്കിയിട്ടുള്ളതു് തുടരുന്നതാണ്. സംരക്ഷണമേഖലകളെന്നു് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പ്രദേശങ്ങളിൽ രാജ്യരക്ഷാപരങ്ങളായ കാരണങ്ങളാൽ എല്ലാവക്കും സഞ്ചരിക്കുവാൻ സാധിക്കുകയില്ല. സാംക്രമികരോഗങ്ങളുടെ നിയന്ത്രണത്തെ ലാക്കാക്കിയും ചില പ്രത്യേക പരിധികൾ ഈ സ്വാതന്ത്ര്യങ്ങളുടെ അനുഭവങ്ങളിൽ ഉണ്ടാക്കുവാൻ സക്കാരിനു സാധിക്കും.

സ്വത്തു സമ്പാദനത്തിനുള്ള സ്വാതന്ത്ര്യത്തെപ്പററി ഇനി ചിന്തിക്കാം. പാരമ്പയ്യാവകാശം മൂലമോ, സ്വപ്രയത്നം മൂലമോ അതുപോലെ നിയമപരമായ മററു വഴികളിൽക്കൂടിയോ ആക്കും സ്വത്തു സമ്പാദിക്കാനും, അവ സംരക്ഷിക്കാനും, കൈകാര്യം ചെയ്യുവാനും സ്വാതന്ത്ര്യമുണ്ട്. ഇവയുടെ സമ്പാദനക്കായ്യത്തിൽ ഭരണഘടന നിശ്ചയിച്ചിട്ടുള്ള നിയന്ത്രണങ്ങൾ പൊതുജനതാല്പയ്യസംരക്ഷണവും പട്ടികജാതിക്കാരുടെയും വഗ്ഗക്കാരുടെയും താൽപ്പയ്യസംരക്ഷണങ്ങളുമാണ്. മററുള്ളവക്കു ഉപദ്രവം ഉണ്ടാക്കുന്നവിധത്തിൽ ആരും സ്വകായ്യസ്വത്തുക്കൾ അനുഭവിച്ചുകൂടാ. പൊതുജനങ്ങളുടെ സാന്മാഗ്ഗ ജീവിതത്തെയും പൊതുജനാരോഗ്യവ്യവസ്ഥകളെയും തടസ്സപ്പെടുത്തുന്ന തരത്തിലോ, കുഴ

പ്പമുണ്ടാകുന്ന രീതിയിലൊ സ്വത്തുക്കൾ അനുഭവിക്കാൻ ആവില്ല. സ്വകാര്യസ്വത്തുക്കൾ പൊതുകാര്യങ്ങൾക്കുവേണ്ടി ഏറെറടുക്കുന്നതിനു സർക്കാരിനു കഴിവുണ്ട്. അങ്ങിനെ ചെയ്യുന്നതു നിയമാനുസരണമായിരിക്കണം. അതിനു അധികാരം നൽകുന്ന നിയമത്തിൽതന്നെ വേണ്ട പ്രതിഫലമോ നഷ്ടപരിഹാരമോ വ്യവസ്ഥചെയ്തിരിക്കണം. അതിനുള്ള തുക നിശ്ചയിച്ചു പറയുകയോ തുക നിശ്ചയിക്കേണ്ട തത്വങ്ങൾ വിശദീകരിക്കുകയോ ചെയ്തിട്ടില്ലാത്തപക്ഷം സ്വത്ത് സർക്കാരിനു എടുക്കാൻ വിഷമമാകും. നഷ്ടപരിഹാരം മതിയായിട്ടില്ല എന്ന കാരണത്താൽ അത്തരം നിയമത്തിന്റെ സാധുത്വം ചോദ്യം ചെയ്യാവുന്നതല്ല. ഇങ്ങനെ ഒരു നിയമം സംസ്ഥാനനിയമസഭ പാസ്സാക്കിയാൽ അതു രാഷ്ട്രപതിയുടെ പരിഗണനയ്ക്കുവേണ്ടി സമർപ്പിച്ച് അദ്ദേഹത്തിന്റെ അനുമതി നേടണം. നഷ്ടപരിഹാരം തുടങ്ങിയവയെ സംബന്ധിച്ചുള്ള വ്യവസ്ഥകൾ അദ്ദേഹം പ്രത്യേകം താൽപര്യത്തോടെ പരിശോധിക്കുകയും ചെയ്യും.

അപകടകരങ്ങളോ അസാന്മാർഗ്ഗികങ്ങളോ ആയ തൊഴിലുകൾ ഒഴിച്ചു മററ് എന്തു തൊഴിലിലും ഏർപ്പെടുന്നതിനു ഒരു പൗരനു കഴിവുണ്ട്. മററു മൗലികാവകാശങ്ങളെപ്പോലെ ഇതിനും ചില നിയന്ത്രണങ്ങൾ ഉണ്ട്. സ്ത്രീകളെ ചില തൊഴിലുകളിൽ പ്രവേശിപ്പിക്കാതിരിക്കാം. സാങ്കേതികപരിജ്ഞാനം ഒഴിച്ചുകൂടാൻപാടില്ലാത്ത കാര്യങ്ങൾക്കു അതു വ്യവസ്ഥചെയ്ത് ആ തൊഴിൽകാര്യങ്ങൾ ശരിപ്പെടുത്തുന്നതിനും വിഷമമില്ല. കച്ചവടം, വ്യവസായം, ഗതാഗതം തുടങ്ങിയ മണ്ഡലങ്ങളിൽ ഇന്നു സർക്കാർ പ്രവേശിച്ചിട്ടുണ്ടല്ലൊ. ഇക്കാര്യങ്ങളിൽ സർക്കാരിനു അവയിൽ ഏർപ്പെട്ടിരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളുമായി മത്സരിക്കുന്നതിനോ അല്ലങ്കിൽ മത്സരം ഒഴിവാക്കി കുത്തകയായി കാര്യങ്ങൾ നടത്തുന്നതിനോ തടസ്സമില്ല. ഒന്നാം ഭരണഘടനാഭേദഗതിയിലെ ചില വ്യവസ്ഥകൾ ഇതിനു വഴിതെളിച്ചിട്ടുണ്ട്.



നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ അനുസരിച്ചല്ലാതെ യാതൊരാളുടേയും ജീവനോ വ്യക്തിസ്വാതന്ത്ര്യമോ നിയന്ത്രിക്കുവാനോ നശിപ്പിക്കുവാനോ പാടില്ലാത്തതാണ്. ഒരാളുടെമേൽ ആരോപിക്കപ്പെട്ട കുററം അതു ചെയ്ത സമയം നടപ്പിലിരുന്ന നിയമങ്ങളനുസരിച്ചേ ആരോപിച്ച് നടപടി എടുക്കുവാൻ പാടുള്ളു. കുററം തെളിഞ്ഞാൽ ആ നിയമങ്ങളിൽ നിശ്ചയിച്ചിട്ടുള്ള ശിക്ഷയിൽ കവിഞ്ഞ ശിക്ഷയും നൽകിക്കൂടാ. യാതൊരാളേയും ഒരേ കുററത്തിനു രണ്ടു പ്രാവശ്യം വിചാരണ ചെയ്യുകയോ ശിക്ഷിക്കുകയോ അരുത്. കുററവാളിയെ അയാൾക്കെതിരായിത്തന്നെ തെളിവുനൽകാനും നിർബന്ധിച്ചുകൂടാ. നിയമം നിഷ്ക്കർഷിച്ചിട്ടുള്ള രക്ഷാമാർഗ്ഗങ്ങൾക്കു വിധേയമായി എല്ലാവർക്കും സ്വതന്ത്രമായി ജീവിക്കുവാൻ അവകാശമുണ്ടായിരിക്കുമെന്നു ചുരുക്കം. ഒരു പൗരന് അവകാശപ്പെടാവുന്ന നിയമസംരക്ഷണങ്ങൾ നിരോധിക്കുവാൻ പാടില്ല. ഒരാളെ അറസ്ററു ചെയ്താൽ കഴിയുന്നതും നേരത്തെ അതിന്റെ കാരണങ്ങൾ അയാളെ അറിയിക്കണം. അറസ്ററു ചെയ്ത ഇരുപത്തിനാലു മണിക്കൂറിനകം മജിസ്ട്രേട്ടിന്റെ മുമ്പിൽ ഹാജരാക്കണം. മജിസ്ട്രേട്ടിന്റെ ഉത്തരവു കൂടാതെ ഇരുപത്തിനാലു മണിക്കൂറിൽ കൂടുതൽ ഒരാളെ തടങ്കലിൽ പാർപ്പിക്കുവാൻ പാടില്ലാത്തതാണ്. അറസ്റ്റിനു വിധേയമായ ആളിന് നിയമോപദേഷ്ടാവുമായി ആലോചിക്കുവാനുള്ള അവസരം കൊടുക്കണം. സാധാരണയായി ഒരാളെ മുൻകരുതൽനടപടിയായി മൂന്നു മാസമേ തടങ്കലിൽ വയ്ക്കാവു. എന്നാൽ പാർലിമെൻറിന് ഏതെല്ലാം കുററങ്ങൾക്ക് ഈ കാലാവധി വ്യത്യാസപ്പെടുത്താൻ കഴിവുണ്ടെന്നു കാണിച്ച് നിയമം പാസ്സാക്കാം. അങ്ങിനെയുള്ള നിയമം കൂടാതെ, ഒരാളെ മൂന്നു മാസത്തിൽ കവിഞ്ഞകാലം വിസ്തരിക്കാതെ തടവിൽ വയ്ക്കുവാൻ, അതിനു തക്കകാരണങ്ങളുണ്ടെന്നു ഒരു ഉപദേശകസമിതി ശുപാർശചെയ്താൽ മതിയാകും. ഒരാളെ തടങ്കലിൽ വച്ചിരിക്കുന്നതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുന്നതു് പൊതുതാല്പര്യങ്ങൾക്ക് ഹാനികരമാണെന്നകാരണത്താൽ വെളിപ്പെടുത്താതിരിക്കാം. രാജ്യരക്ഷ വിദേശനയം, ഭാരതത്തിന്റെ ഭദ്രത, സംസ്ഥാനത്തിന്റെ ഭദ്രത, പൊതുക്രമസമാധാനം, സാമൂഹ്യജീവിതത്തിന് ഒഴിച്ചുകൂടാൻപാടില്ലാത്ത സാധനങ്ങളുടെ വിതരണം, തുടങ്ങിയവയെ തകരാറാക്കുന്ന നടപടികൾക്കെതിരായി മുൻ

കരുതൽ തടങ്കൽ നിയമം പ്രയോഗിക്കപ്പെടാം. മുൻകരുതൽ തടങ്കൽനിയമം ഒരു അടിയന്തിരകാല നിയമമായല്ല, സമാധാനകാല നിയമമെന്ന നിലയിലാണ് നമ്മുടെ ഭരണഘടന പരിഗണിച്ചിരിക്കുന്നത്.

മനുഷ്യരെ വ്യാപാരസാധനമായി കണക്കാക്കി പെരുമാറുന്നതും അവരെക്കൊണ്ട് നിർബന്ധിതമായി തൊഴിൽ ചെയ്യിക്കുന്നതും ഭരണഘടന നിരോധിച്ചിരിക്കുന്നു. കുട്ടികളെ വ്യവസായശാലകളിലൊ ഖനികളിലോ മറ്റേതെങ്കിലും അത്യധ്വാനം ആവശ്യമായ ജോലികളിലോ ഏർപ്പെടുത്തിക്കൂടാ. തൊഴിലാളികളുടെ ആരോഗ്യശക്തിയും കുട്ടികളുടെ ഇളംപ്രായവും ദുരുപയോഗപ്പെടുത്തരുതെന്നും, സാമ്പത്തികമായ ഞെരുക്കത്താൽ വയസ്സിനോ, ശക്തിക്കോ അനുയോജ്യമല്ലാത്ത ജോലിയിൽ പൗരന്മാർ പ്രവേശിക്കുവാൻ ഇടവരുത്തരുതെന്നും സർക്കാരിന്റെ നിയമം സംബന്ധിച്ചുള്ള നിർദ്ദേശതത്വങ്ങളിൽ വ്യക്തമാക്കിയിട്ടുള്ള കാര്യവും സ്മരണീയമാണ്. തൊഴിൽ നിയമങ്ങൾ നിർമ്മിക്കുന്നതിനുള്ള അധികാരം സംയുക്തവിഷയമാകയാൽ ഭാരതമൊട്ടുക്ക് ഏകീകരണം വരുത്തുന്നതിനു വിഷമമില്ലതാനും.

മതേതര സർക്കാർ

ഏതെങ്കിലും ഒരു പ്രത്യേക മതത്തേയോ മതവിഭാഗത്തേയോ സംരക്ഷിക്കുന്നതിനൊ അഭിവൃദ്ധിപ്പെടുത്തുന്നതിനോ വേണ്ടി പ്രത്യേക നികുതികൊടുക്കുവാൻ ആരും നിർബന്ധിതരാകുന്നതല്ല. സർക്കാർമുതലുകൊണ്ടു നടത്തപ്പെടുന്ന ഏതെങ്കിലും സ്ഥാപനത്തിൽ മതബോധനം പാടില്ലാത്തതാകുന്നു. സർക്കാർ അംഗീകരിച്ചിട്ടുള്ളതോ പൊതുമുതലിൽ നിന്ന് സഹായധനം നൽകുന്നതോ ആയ ഏതെങ്കിലും വിദ്യാഭ്യാസസ്ഥാപനത്തിൽ പഠിക്കുന്ന ഒരാളെ, ആ സ്ഥാപനത്തിൽ നടത്തിയേക്കാൻ ഇടയുള്ള മതാദ്ധ്യയനത്തിൽ പങ്കുകൊള്ളുന്നതിനു നിർബന്ധിച്ചുകൂടാ. മൈനറെ മതപഠനത്തിന് പങ്കുകൊള്ളിക്കുന്നതിനുമുമ്പു അയാളുടെ രക്ഷകർത്താവിന്റെ അനുവാദം വാങ്ങിയിരിക്കണം. പ്രാർത്ഥനയുടെ കാര്യത്തിലും മേൽപ്പറഞ്ഞ കാര്യങ്ങൾ ശരിയാണ്.

ന്യൂനപക്ഷങ്ങളുടെ സാംസ്കാരിക സംരക്ഷണത്തിനും മൗലികാവകാശങ്ങളിൽ സ്ഥാനം നല്കപ്പെട്ടിട്ടുണ്ട്. ഭാരതത്തിന്റെ ഏതെങ്കിലും പ്രദേശത്ത് അധിവസിക്കുന്ന ന്യൂനപക്ഷങ്ങൾക്ക് അവരുടേതായ ഭാഷയോ സംസ്കാരമോ ഉള്ളപക്ഷം അതു പുലർത്തി പരിപുഷ്ടിപ്പെടുത്തിക്കൊണ്ടു പോകുവാൻ തികഞ്ഞ അവകാശം ഉണ്ടായിരിക്കും. മതം ഭാഷ തുടങ്ങിയവയെ അടിസ്ഥാനമാക്കിയുള്ള ന്യൂനപക്ഷങ്ങൾക്കു അവരവരുടെ അഭിപ്രായമനുസരിച്ച് വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിച്ചുനടത്തുന്നതിനുള്ള അവകാശവും അംഗീകരിച്ചിട്ടുണ്ട്. ഭാഷാ ന്യൂനപക്ഷങ്ങളിൽപെടുന്ന വിദ്യാർത്ഥികൾക്ക് പ്രൈമറി വിദ്യാഭ്യാസം നൽകുന്നത് അവരുടെ മാതൃഭാഷയിൽതന്നെ ആയിരിക്കേണ്ടതാണ്. അവർ നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങൾ സംസ്ഥാനാന്തര വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കീഴിലാക്കുന്നതിന് വിഷമം കൂടാതെ ഏർപ്പാടുചെയ്യുവാൻ അനുവദിക്കണം. അത്തരം സ്ഥാപനങ്ങൾക്ക് അതു സ്ഥിതിചെയ്യുന്നിടത്തെ സർക്കാർ സഹായങ്ങൾ തുടർന്നു നൽകുന്നതുമായിരിക്കും. ഭാഷാന്യൂനപക്ഷങ്ങളുടെ താൽപ്പര്യങ്ങളെ സംരക്ഷിക്കുന്നതിനായി ഒരു പ്രത്യേക ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനും ഏർപ്പാടുണ്ടെന്ന് മുമ്പ് സൂചിപ്പിച്ചിട്ടുള്ളത് ഓർമ്മിക്കുമല്ലൊ.

കോടതികൾക്കാണ് സംരക്ഷിക്കേണ്ട ചുമതല

മൗലികാവകാശങ്ങൾ പ്രഖ്യാപിച്ചിട്ടുള്ളത് നിഷേധിക്കപ്പെട്ടാൽ എന്താണ് പോംവഴി? ഭരണഘടനയിൽ ഇതിനും വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി കോടതിയെ ഏതൊരാളിനും സമീപിക്കാം. സുപ്രീം കോടതിക്ക് നിർദ്ദേശങ്ങളും ഉത്തരവുകളും റിട്ടുകളും മററും പുറപ്പെടുവിച്ച് പൗരന്റെ മൗലികാവകാശങ്ങളെ അനുഭവയോഗ്യമാക്കിത്തീർക്കുന്നതിനും സാധിക്കും. റിട്ടുകൾ പലതരത്തിലുണ്ട്. ഹേബിയാസ് കോർപ്പസ്, മൻഡാമസ്സ്, നിരോധനം, ക്വോവാറന്റോ, സെർഷിയോറി എന്നിങ്ങനെ പലവിധത്തിലുണ്ട്. ഭരണപരമായി സങ്കീർണ്ണവും വ്യാമിശ്രവും ആയ കർത്തവ്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ വ്യക്തിസ്വാതന്ത്ര്യത്തെ വേണ്ടപോലെ ഗണിക്കുവാൻ സർക്കാരിന് സാധിച്ചെന്ന് വരുകയില്ല. അങ്ങിനെ അവകാശധ്വംസനത്തിനു വിധേയനായതിന് ഏകാശ്രയം കോടതികൾ മാത്രമായിരിക്കും. ആപൽബാന്ധവരായ കോടതികൾ റിട്ടുകളാകുന്ന ആയുധങ്ങൾ ഉപയോഗിച്ച് പൗരസ്വാതന്ത്ര്യധ്വംസകന്മാരെ പരാജിതരാക്കുന്നു. ഈ റിട്ടുകൾ (ശാസനാരൂപേണയുള്ള ഉത്തരവുകൾ) സുപ്രീം കോടതിക്കു മാത്രമല്ല എല്ലാ ഹൈക്കോടതികൾക്കും പുറപ്പെടുവിക്കാം. മററു കോടതികളെയും പാർലിമെന്റിന്റെ നിയമം മൂലം ഇവ ഏൽപ്പിക്കാവുന്നതാണ്. മൗലികാവകാശ സ്ഥാപനത്തിനു സഹായിക്കുന്ന ഈ വ്യവസ്ഥകൾ അടിയന്തിരാവസ്ഥ നിലവിലിരിക്കുന്ന കാലത്ത് രേഖാമൂലം രാഷ്ട്രപതിക്ക് തടഞ്ഞുവയ്ക്കാവുന്നതാണെന്ന കാര്യം വിസ്മരിക്കരുത്. ആ ഉത്തരവിന്റെ പരിധിയിൽ ഭാരതം മുഴുവനുമോ, കുറച്ചു ഭാഗമോ ആകാം. എന്നാൽ അടിയന്തിരാവസ്ഥയാകുന്ന മേഘാവരണം നീങ്ങുന്നതോടുകൂടി ശാന്തജീവിതമാകുന്ന നീലാംബരത്തിൽ മൗലികാവകാശങ്ങളാകുന്ന താരങ്ങൾ പൂർവ്വശോഭയിൽ തെളിഞ്ഞു മിന്നിത്തുടങ്ങും.